A1/97/2025-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംഗീത നാടക അക്കാദമിയ്ക്ക് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് എട്ടാം ഗഡു അനുവദിച്ചുത്തരവാകുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.72/2026/CLAD തീയതി,തിരുവനന്തപുരം, 29-01-2026

പരാമർശം:-

1. സ.ഉ.(പി) നം.103/2020/ധന. തീയതി 04.08.2020
2. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ
3. 26.07.2022 തീയതിയിലെ 65/2022/ധന. നമ്പർ സർക്കുലർ
4. സ.ഉ.(സാധാ) നം. 222/2025/സാം.കാ.വ തീയതി 16.04.2025
5. സ.ഉ.(സാധാ) നം. 257/2025/സാം.കാ.വ തീയതി 09.05.2025
6. സ.ഉ.(സാധാ) നം. 435/2025/സാം.കാ.വ തീയതി 01.08.2025
7. സ.ഉ.(സാധാ) നം. 499/2025/സാം.കാ.വ തീയതി 29.08.2025
8. സ.ഉ.(സാധാ) നം. 598/2025/സാം.കാ.വ തീയതി 18.10.2025
9. സ.ഉ.(സാധാ) നം. 677/2025/സാം.കാ.വ തീയതി 12.11.2025
10. സ.ഉ.(സാധാ) നം. 711/2025/സാം.കാ.വ തീയതി 04.12.2025
11. കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ 23.12.2025 തീയതിയിലെ എ7/2841/2024/സം.നാ.അ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംഗീത നാടക അക്കാദമിയ്ക്ക് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 1,09,35,000/- രൂപ (ഒരു കോടി ഒൻപത് ലക്ഷത്തി മുപ്പത്തയ്യായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും ഏഴ് ഗഡുക്കളായി 94,60,000/- രൂപ (തൊണ്ണൂറ്റി നാല് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) പരാമർശം (4) മുതൽ (10) വരെയുള്ള ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്നു. പരാമർശം (11) പ്രകാരം എട്ടാം ഗഡു അനുവദിക്കുന്നതിന് അക്കാദമി സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംഗീത നാടക അക്കാദമിയ്ക്ക് 2025-26 സാമ്പത്തിക വർഷം "2205-00-102-90-36" (നോൺ പ്ലാൻ) എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 4,91,000/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം രൂപ മാത്രം) എട്ടാം ഗഡുവായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (2) സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള സംഗീത

നാടക അക്കാദമിയുടെ തൃശ്ശൂർ ജില്ലാ ട്രഷറിയിലുള്ള 713021400000207 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. പരാമർശം (1) ഉത്തരവിലെയും പരാമർശം (3) സർക്കുലറിലെയും നിർദ്ദേശങ്ങൾ പ്രകാരം സ്ഥാപനത്തിൽ ജി-സ്പാർക്ക് നടപ്പിൽ വരുത്തിയ ശേഷം മാത്രം അടുത്ത ഗഡു ഫണ്ടിനായി പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ ഇപ്പോൾ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 3117348/EDN-D1/49/2025-FIN dated 22.01.2026)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 29-01-2026 14:16:20